# <u>ജ്വല്ലറി കവർച്ച: പോലീസിന്റെ ചടുലനീക്കത്തിൽ എല്ലാ പ്രതികളും പിടിയിൽ</u>

പത്തനംതിട്ട നഗരത്തിലെ കൃഷ്ണ ജ്വല്ലറിയിൽ ജീവനക്കാരനെ കെട്ടിയിട്ട് നാലു കിലോ സ്വർണവും 13 ലക്ഷം രൂപയും കവർന്ന കേസിൽ ആസൂത്രകൻ ഉൾപ്പെടെ മുഴുവൻ പ്രതികളും പോലീസ് പിടിയിൽ. തമിഴ് നാട് പോലീസുമായി ചേർന്ന് നടത്തിയ സംഘടിതവും സാഹസികവുമായ നീക്കത്തിലൂടെ കവർച്ച നടന്ന് 14 മണിക്കൂറിനകം മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യാനും മുഴുവൻ മോഷണമുതലുകളും കണ്ടെടുക്കാനും കഴിഞ്ഞത് ജില്ലാ പോലീസിന് വലിയ നേട്ടമായി.

ഒന്നര വർഷം മുമ്പ് പ്രവർത്തനമാരംഭിച്ച ഈ ജ്വല്ലറിയിൽ ഒരാഴ്ച മുൻപു മാത്രം ജോലിക്ക് കയറിയ അക്ഷയ് പാട്ടീൽ എന്ന ജീവനക്കാരന്റെ നേതൃത്വത്തിലുള്ള സംഘമാണ് കവർച്ച ആസൂത്രണം ചെയ്തത്. സ്വർണം വാങ്ങാൻ എത്തും എന്ന് പറഞ്ഞ് ഇടപാടുകാരൻ വരുന്നതിനു മുൻപ് സംഘാംഗങ്ങളെ ലോക്കർ റൂമിൽ ഒളിപ്പിക്കുകയും ലോക്കർ തുറക്കാൻ തുടങ്ങിയ മറ്റൊരു ജീവനക്കാരനായ സന്തോഷിനെ കെട്ടിയിട്ട് മർദ്ദിച്ചു താക്കോൽ കൈക്കലാക്കുകയുമായിരുന്നു സംഘം. തുടർന്ന് മോഷണമുതലും പണവും സംഘത്തിനെ ഏൽപ്പിച്ച ശേഷം വഴിയിൽ ഇറങ്ങിയ ജീവനക്കാരൻ നിരപരാധി ആണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയായിരുന്നു.

കവർച്ച നടന്ന് രണ്ടു മണിക്കൂറിനകം ഇയാളെ പൊലീസ് അറസ്റ്റ് ചെയ്യുകയും തുടർന്ന് പോലീസ് നടത്തിയ വിശദമായ ചോദ്യം ചെയ്യലിൽ ഇയാൾ കുറ്റം സമ്മതിക്കുകയും കൂട്ടാളികളെക്കുറിച്ച് വെളിപ്പെടുത്തുകയുമായിരുന്നു. മഹാരാഷ്ട്രയിലെ കൊടും ക്രിമിനലുകളായ പ്രതികളുടെ ആസൂത്രിതനീക്കത്തിൽ രൂപമെടുത്ത കവർച്ചയിൽ പക്ഷേ അതിഭാവുകത്വം അവരറിയാതെ കടന്നുകൂടുകയും നാടകീയത ഉടലെടുക്കുകയും ചെയ്തത് പോലീസിന് ഗുണകരമായി. കൃത്യമായ പദ്ധതിയാണ് മോഷ്ടാക്കൾ തയ്യാറാക്കിയതെങ്കിൽ അതിനെ കടത്തി വെട്ടുന്ന

തിരക്കഥ ഒരുക്കി ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ നടത്തിയ ചടുല നീക്കം കാരണമാണ് മുഴുവൻ പ്രതികളെയും മണിക്കൂറുകൾക്കകം വലയിലാക്കാനും മോഷണമുതലുകൾ കണ്ടെടുക്കാനും സാധിച്ചത്.

തമിഴ്നാട് പോലീസുമായി ചേർന്ന് പത്തനംതിട്ട ജില്ലാ പൊലീസ് നടത്തിയ സംയുക്ത നീക്കത്തിലൂടെ 28 ന് രാത്രി 12 മണിക്ക് സേലത്ത് നിന്നും നാല് പ്രതികൾ പിടിയിലായി. അപ്പോഴേയ്ക്കും പണവും ആഭരണവും അടങ്ങിയ ബാഗുമായി പ്രധാനപ്രതി കടന്നു കളഞ്ഞിരുന്നു. തുടർന്ന് നടത്തിയ വളരെ ശ്രമകരമായ നീക്കത്തിൽ ഇന്ന് രാവിലെ ഒമ്പത് മണിയോടെ ഇയാളെ സേലത്ത് നിന്ന് കീഴടക്കുകയായിരുന്നു. ജില്ലയിൽ ഇദംപ്രഥമമായിട്ടാണ് ഇത്തരമൊരു കവർച്ചയിൽ 14 മണിക്കൂറിനകം എല്ലാ പ്രതികളെയും വലയിലാക്കാനും കവർച്ച മുതൽ കണ്ടെടുക്കാനും കഴിഞ്ഞതെന്ന് ജില്ലാ പോലീസ് മേധാവി ജയദേവ് ഐപിഎസ് ചൂണ്ടിക്കാട്ടി. അന്വേഷണത്തിൽ ജില്ലാ പോലീസ് മേധാവിക്കൊപ്പം ജില്ലാ സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പി ആർ ജോസ്, പത്തനംതിട്ട DYSP കെ.സജീവ്, പോലീസ് ഇൻസ്പെക്ടർ ന്യൂമാൻ, SI മാരായ കുരുവിള ജോർജ്, അഷ്റഫ് കൂടാതെ ഷാഡോ പോലീസ് അംഗങ്ങളായ SI രഞ്ജു, ASIമാരായ രാധാകൃഷ്ണൻ, വിൽസൺ, SCPO മാരായ വിനോദ്, അജികുമാർ CPO ലിജു, സൈബർ സെൽ SCPO ശ്രീകുമാർ എന്നിവർ പങ്കെടുത്തു.